LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : സർ, ഇപ്പോൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് ഇവയാണ് നമ്മുടെ ഹൈവേകളിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല നിർവ്വഹിക്കുന്നത്. ഫണ്ടിന്റെ ലഭ്യതയിലും മറ്റ് കാര്യങ്ങളിലും അങ്ങ് പറഞ്ഞതുപോലെ ചില ബുദ്ധിമുട്ടുകളുണ്ട്. ഇതിന് പി.ഡബ്ല്യൂ.ഡി., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കും.

ശ്രീ. എം. മുരളി : സർ, നാഷണൽ ഹൈവേ ഉൾപ്പടെയുള്ള പ്രധാന റോഡുകളിൽ വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾക്ക് പ്രധാന കാരണവും അതിന്റെ ഇരകളും സൈക്കിൾ യാത്രക്കാർ ഉൾപ്പടെയുള്ള ഇരുചക്ര വാഹന യാത്രക്കാരാണ്. നാല് ലൈൻ റോഡുകളിൽപ്പോലും സൈക്കിൾ യാത്രക്കാർ ഉണ്ടാക്കുന്ന അപകടങ്ങൾ അവർ ഇരയാകുന്ന അപകടങ്ങൾ, ഇന്ന് വർദ്ധിച്ചു വരികയാണ്. അതുകൊണ്ട് എനിക്ക് ചോദിക്കുവാനുള്ളത് എക്സ്പ്രസ് ഹൈവേ പോലെതന്നെ എൻ.എച്ചും മറ്റ് പ്രധാനപ്പെട്ട റോഡുകളും ഇനി നിർമ്മിക്കുമ്പോൾ ഇരുചക്ര വാഹനങ്ങൾക്ക് പ്രത്യേകമായി ഒരു വേ, Two wheeler way കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, നാലുവരി പാതകൾ പൂർത്തിയായി കഴിയുമ്പോൾ ഇത്തരം കാര്യങ്ങൾ നമുക്ക് ആലോചിക്കാവുന്നതാണ്. വാഹനങ്ങൾ ഓടിക്കുന്നവരുടെ അലക്ഷ്യമായ മനോഭാവവും, നമ്മുടെ നാട്ടിൽ ഇപ്പോൾ നിർഭയരായ, ഭവിഷ്യത്തു ചിന്തിക്കാത്ത കുറെ കാൽനടക്കാരുണ്ട്. അവരുടെ അലക്ഷ്യ മനോഭാവം മാറുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങളാണ് ഇക്കാര്യത്തിൽ കൂടുതൽ നടപ്പിലാക്കുന്നത്.

-സംസ്ഥാന പാതയുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച സഹായം

3 (*632) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എൻ. രാജൻ:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പാതയുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെ എന്തു സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നാലുവരി പാതയുടെ ഭാഗമായി ചേർത്തല മുതൽ പാറശ്ശാലവരെ റോഡ് നിർമ്മാണത്തിനുള്ള സാദ്ധ്യതാ പഠനം ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഏജൻസി ആണ് പഠനം നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരളത്തിലെ റോഡുകളുടെ വികസനത്തിനായി പ്രതിവർഷം എത്ര രൂപ കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

മരാമത്തു വകുപ്പുമന്ത്രിക്കു വേണ്ടി ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ,

(എ&സി) 2002-03-ൽ കേന്ദ്ര റോഡ് നിധിയിൽനിന്നും സംസ്ഥാന റോഡുകൾക്കായി 18.75 കോടി രൂപ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി 2002-03-ൽ 70 കോടി രൂപയും ലഭിച്ചു.

(ബി) സാധ്യതാ പഠനം ആരംഭിച്ചിട്ടുണ്ട്. ലീ അസ്സോസ്സിയേറ്റ്സ് സൗത്ത് ഏഷ്യാ ലിമിറ്റഡ് എന്ന സ്ഥാപനമാണ് പഠനം നടത്തുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : അങ്ങ് നൽകിയ ഉത്തരത്തിൽ 2002-2003-ൽ സംസ്ഥാന റോഡുകൾക്കായി 18.75 കോടി രൂപയും ദേശീയ പാതയ്ക്ക് 70 കോടി രൂപയും പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് സംഖ്യ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ? സംസ്ഥാനത്തിന് അനുവദിച്ചു കൊടുക്കുന്നത്, പലപ്പോഴും നമുക്ക് അർഹതപ്പെട്ട സംഖ്യ ലഭിക്കുന്നില്ല എന്നത് കണക്കിലെടുത്ത് ഗവൺമെന്റ് എന്ത് പ്രൊപ്പോസൽ അങ്ങോട്ട് കൊടുത്തിട്ടുണ്ട് ; എന്തൊക്കെയാണ് ആവശ്യപ്പെട്ടിട്ടുള്ളത് ?

ശ്രീ. എം. എം. ഹസ്സൻ : സർ, കഴിഞ്ഞ വർഷം 76.25 കോടി രൂപയാണ് എക്സ്പെൻഡിച്ചർ വന്നിട്ടുള്ളത്. എഴുപതു കോടി അലോട്ടുമെന്റിന്റെ സ്ഥാനത്താണ്. ആറു കോടി ഇരുപത്തിയഞ്ചു ലക്ഷം നമ്മൾ കൂടുതൽ ചെലവാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇത്തവണ 75 കോടി നമുക്ക് അനുവദിച്ചു കിട്ടിയിട്ടുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നമ്മൾ ആവശ്യപ്പെടുന്നതും അവർ അനുവദിക്കുന്നതും തമ്മിലുള്ള വ്യത്യാസം അറിയാൻ വേണ്ടിയാണ്. രണ്ടാമത്തെ ചോദ്യം, കേന്ദ്ര ഗവൺമെന്റ് ഏറ്റവും കൂടുതൽ സംഖ്യ അനുവദിക്കുന്ന ഈ റോഡുകളുടെ നിർമ്മാണത്തിനാണ്. Pradhan Mantri Gram Sadak Yojana, ഇവിടെ റൂറൽ ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് ആണ് ഗ്രാമവികസനം നടപ്പാക്കുന്നത്. പി.ഡബ്ല്യു.ഡി ഉണ്ട്. ഗ്രാമ സടക് യോജനയിൽ 64,000 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചത്. കേരളത്തിനാണ് ഏറ്റവും കുറവ് സംഖ്യ അനുവദിച്ചിട്ടുള്ളത്. കേന്ദ്ര ഗവണ്മെന്റ് ഇത്തരം റോഡുകളുടെ നിർമ്മാണത്തിനും അതിന്റെ മറ്റ് വികസന പദ്ധതികൾക്കും ഏറ്റവും കുറച്ചു സംഖ്യയാണ് നമ്മുടെ സംസ്ഥാനത്തിന് അനുവദിക്കുന്നത് എന്നത് കണക്കിലെടുത്ത് നമുക്ക് അർഹതപ്പെട്ട സംഖ്യ കേന്ദ്രത്തിൽനിന്ന് ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതികളിൽ കൂടുതൽ അലോട്ട്മെന്റ് കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാരെ കാണുകയും ഈ പദ്ധതികൾക്ക് കൂടുതൽ ധന സഹായം നേടിയെടുക്കുന്നതിനു വേണ്ട പരിശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. അത് തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ : സർ, പ്രധാനപ്പെട്ട സ്റ്റേറ്റ് ഹൈവേയായ കോവളം മുതൽ അങ്കമാലി വരെയുള്ള എം.സി.റോഡ് വികസനത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് എന്ത് സഹായം ലഭിച്ചിട്ടുണ്ട് ; അതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

മി. സ്പീക്കർ : അതല്ലേ ഇതിൽ മെയിൻ ചോദ്യം. അതുതന്നെ വീണ്ടും ചോദിച്ചാലോ ?

ശ്രീ. എൻ. രാജൻ : സർ, എം.സി. റോഡിന്റെ കാര്യമാണ് ചോദിച്ചത്.

ശ്രീ. എം. എം. ഹസ്സൻ : സർ, സ്റ്റേറ്റ് ഹൈവേയ്ക്കാണ് ഞാൻ നേരത്തേ പറഞ്ഞ 18 സംതിങ്ങ് അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞത്.

ശ്രീ. എൻ. രാജൻ : സർ, സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിനായി സർവേ നടത്തി അക്വയർ ചെയ്തെടുക്കുന്ന വീടും സ്ഥലവും അതുപോലെ മറ്റ് കച്ചവട സ്ഥാപനങ്ങളും, അവരെയൊക്കെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? അവർക്ക് പ്രതികൂലമായ സാഹചര്യങ്ങൾ ഉണ്ട്. ഇപ്പോഴും അവിടെ വലിയ പ്രശ്നങ്ങൾ നടക്കുകയാണ്. ഈ പ്രദേശങ്ങളിലുള്ള സ്ഥലങ്ങൾ, ബ്രിഡ്ജുകളുടെ പണി നടത്തുന്നതിനുമൊക്കെ ഒരുപാട് സ്ഥലങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. അവർക്ക് അതിനുള്ള സഹായങ്ങൾ കിട്ടുന്നില്ല എന്ന് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. അത് എന്താണെന്നുള്ളത് വ്യക്തമാക്കാമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, സാധാരണ എവിക്ട് ചെയ്യുന്ന ആളുകൾക്ക് സഹായം കൊടുക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങളൊക്കെ പാലിക്കേണ്ട കാര്യമുണ്ട്. അതിന് കാലതാമസം ഉണ്ടാകുന്നത് ഒരുപക്ഷേ ഫണ്ടിന്റെ ലഭ്യത കുറവ് അല്ലെങ്കിൽ മറ്റ് സാങ്കേതിക തടസ്സങ്ങളായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിഷയം പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്ത് റോഡുകളുടെ സത്വര വികസനത്തിനായി കേരള റോഡ് ഫണ്ട് ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. സ്റ്റേറ്റ് ഹൈവേയ്ക്ക് പുറമെ വളരെ പ്രധാനപ്പെട്ട ചില റോഡുകൾകൂടി ഇതിൽ ഉൾപ്പെടുത്തുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി നേരത്തേ സൂചിപ്പിച്ചിട്ടുള്ളത്. ഏതൊക്കെ റോഡുകളാണ് ആ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, ചേർത്തല മുതൽ പാറശ്ശാല വരെയുള്ള നാലുവരി പാതയുടെ വികസനം സംബന്ധിച്ച് കൺസൾട്ടൻസിയെ നിയമിച്ചിട്ടുള്ളതായി മന്ത്രി പറഞ്ഞു. അത് സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ചിട്ടാണോ അതോ മറ്റേതെങ്കിലും ഏജൻസിയുടെ സാമ്പത്തിക സഹായം കൊണ്ടാണോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അത് സാധ്യതാ പഠനം വച്ചിട്ടാണ്. ജെ.ബി.ഐ.സി.യുടെ ഈ വർഷത്തെ പരിപാടിയിൽ ഈ പദ്ധതി പരിഗണിക്കുമെന്ന ഉദ്ദേശത്തോടു കൂടിയാണ് ഇതിന്റെ സാധ്യതാ പഠനം ആരംഭിച്ചത്.

ശ്രീ. ജോണി നെല്ലൂർ : സർ, നമ്മുടെ ഗവൺമെന്റ് പല സന്ദർഭങ്ങളിലായി നിരവധി സംസ്ഥാന ഹൈവേകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സംസ്ഥാന ഹൈവേകൾ പ്രഖ്യാപിച്ചിരിക്കുന്നത് പലതും ആവശ്യത്തിന് വീതി ഇല്ലാത്തതും ഗതാഗതക്കുരുക്ക് അനുഭവിക്കുന്നതുമാണ്. അതുപോലെ പ്രഖ്യാപിച്ചിട്ടുള്ള സംസ്ഥാന ഹൈവേ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; അതിനുവേണ്ടി ധനസഹായം അഭ്യർത്ഥിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് ആലോചിച്ചു വരുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. എം.എം.ഹസ്സൻ പൊതുമരാമത്ത് വകുപ്പുമന്ത്രി എന്ന നിലയിൽ നല്ലതുപോലെ ശോഭിക്കുമെന്ന് മനസ്സിലായി. ഏക് ദിൻ കാ മന്ത്രിയാകാതെ ഇത് സ്ഥിരമായി ഏറ്റെടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചാൽ തരക്കേടില്ല. അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു ചോദ്യമാണ് ഞാൻ ചോദിക്കുന്നത്. ഇവിടെ സംസ്ഥാന ഗവൺമെന്റ് നിർമ്മിക്കുന്ന റോഡുകൾക്കുവേണ്ടി കേന്ദ്രത്തിൽ നിന്ന് സഹായം കിട്ടുന്നുണ്ട്, മറ്റു ചില ഏജൻസികളിൽ നിന്ന് സഹായം കിട്ടുന്നുണ്ട്. അങ്ങനെ ശബരിമലയിലേക്ക് പോകുന്ന റോഡ് വികസിപ്പിക്കുന്നതിനും പമ്പയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും വേണ്ടി മലേഷ്യൻ ഗവൺമെന്റ് ഒരു സഹായം നമുക്ക് പ്രഖ്യാപിച്ചിരുന്നു. 140 കോടി രൂപയുടെ ഒരു പ്രോജക്ടാണ് അവർ അംഗീകരിച്ചത്. മലേഷ്യയിൽ നിന്നുള്ള ഒരു മന്ത്രി ഗതാഗതക്കുരുക്കിൽ പെട്ടപ്പോഴാണ് നമുക്ക് ഈ വാഗ്ദാനം കിട്ടിയത്. 140 കോടി രൂപയുടെ വാഗ്ദാനം കിട്ടിയിട്ട് അതിനുവേണ്ട ഒരു നടപടിയും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കാത്തതിന്റെ ഫലമായി മലേഷ്യൻ ഗവൺമെന്റ് ഈ ഗവൺമെന്റിന് നോട്ടീസ് അയച്ചിട്ടുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെങ്കിൽ ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അത് പരിഹരിക്കാനുള്ള ഏർപ്പാട് ചെയ്യുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ഇക്കാര്യത്തിൽ ഒന്നും സ്വീകരിച്ചിട്ടില്ലായെന്നു പറയുന്നത് വസ്തുതാവിരുദ്ധമാണ്. അതുസംബന്ധിച്ച പല നടപടികൾക്കും സാങ്കേതികമായ ചില തടസ്സങ്ങളുണ്ട്. ശബരിമല ആയതുകൊണ്ട് ശബരിമല ദേവസ്വംബോർഡുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളും ഉണ്ട്. നമ്മുടെ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന് മലേഷ്യൻ മന്ത്രി വന്ന അവസരത്തിലും ഇതേക്കുറിച്ച് പി.ഡബ്ല്യു.ഡി. മന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ ചില ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ചില സാങ്കേതികതടസ്സങ്ങളും ബുദ്ധിമുട്ടുകളും ഉള്ളതുകൊണ്ടാണ് അതിന് കാലതാമസം ഉണ്ടായത്. മലേഷ്യൻ ഗവൺമെന്റിന്റെ നോട്ടീസ് കിട്ടിയിട്ടുണ്ടോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഇത് പെടുത്തുന്നതാണ്.

ശ്രീ. പി. ജെ. ജോയി : സർ, സംസ്ഥാന ഹൈവേകളുടെ വികസനത്തിനായി കേന്ദ്രഗവൺമെന്റിൽ നിന്ന് 18.75 കോടി രൂപ ലഭിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ തുക ഏതെല്ലാം റോഡുകളുടെ വികസനത്തിനുവേണ്ടിയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : സർ, അതിന് പ്രത്യേക നോട്ടീസ് ആവശ്യമാണ്. തുകയുടെ ക്യാര്യമേ ഇവിടെ പറഞ്ഞുള്ളൂ.

ശ്രീ. പിരപ്പൻകോട് മുരളി : സർ, നമ്മുടെ സ്റ്റേറ്റ് ഹൈവേകളിൽ ഏറ്റവും പ്രധാനപ്പെട്ടതും പഴക്കമേറിയതുമാണ് തിരുവനന്തപുരം-ചെങ്കോട്ട റോഡ്. തിരുവനന്തപുരം-ചെങ്കോട്ട റോഡിൽ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡന് സമീപമുള്ള ഇരുമ്പുപാലം ബ്രിട്ടീഷുകാർ പണിതതാണ്. 100 വർഷത്തിലേറെ പഴക്കമുണ്ട്. അങ്ങേയറ്റം ബലക്ഷയമുള്ളതാണ്. ഈ വികസന ഫണ്ട് കിട്ടുന്ന അവസരത്തിൽ ആ പാലം പുതുക്കി പണിയാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ആ പാലത്തിന്റെ ശോചനീയാവസ്ഥ എനിക്കും നേരിട്ട് അറിയാവുന്നതാണ്. രണ്ടാമത്തെ ഭാഗം പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് അദ്ദേഹത്തോട് ആവശ്യപ്പെടാം.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, ആലുവ മുതൽ തൃശ്ശൂർ വരെയാണ് ഇപ്പോൾ രണ്ടുവരിപ്പാതയായ നാഷണൽ ഹൈവേകളിലെ ഏറ്റവും തിരക്കേറിയ ഭാഗം. തൃശ്ശൂർ കഴിഞ്ഞാൽ പാലക്കാട്ടേക്കും കോഴിക്കോട്ടേക്കും ഈ പാത പിരിഞ്ഞുപോകുന്നതുകൊണ്ട് വാഹനങ്ങളുടെ തിരക്ക് വളരെയേറെ കുറയും. അതുകൊണ്ട് ആലുവ മുതൽ തൃശ്ശൂർ വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കാൻ ഏറ്റവും അടിയന്തരമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ആലുവ മുതൽ ചേർത്തല വരെയുള്ളതാണ് ഇപ്പോൾ എടുത്തിട്ടുള്ളത്. ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

ശ്രീ. തോമസ് ചാഴികാടൻ : സർ, നമ്മുടെ സംസ്ഥാന പാതകളിൽ ഏറ്റവും പ്രധാനപ്പെട്ടത് എം.സി.റോഡാണ്. എം.സി.റോഡിൽ ഇന്ന് ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന നിരവധി സ്ഥലങ്ങളുണ്ട്. അതിൽ ഏതാനും ഭാഗങ്ങളിൽ ബൈപ്പാസ് നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് ഭാഗികമായി പൂർത്തിയായിട്ടുമുണ്ട്. മലയാള മനോരമ എം.സി.റോഡിലെ കുരുക്കഴിക്കാൻ എന്ന ഒരു പ്രോഗ്രാം തയ്യാറാക്കി. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അവിടെ വന്ന് അതു സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. എം.സി. റോഡിലെ ബൈപ്പാസുകൾ ഏറ്റുമാനൂർ മുതൽ മണ്ണാർക്കാട് വരെ, മണ്ണാർക്കാട് മുതൽ പെരുന്തുരുത്തി വരെ, ചങ്ങനാശ്ശേരിയിലെ തിരുവല്ലായിൽ ഈ ബൈപ്പാസുകൾ എത്രയും വേഗം പൂർത്തിയാക്കി എം.സി. റോഡിലെ ഗതാഗതക്കുരുക്ക് അഴിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, സംസ്ഥാന പാതയെന്നുള്ള നിലയ്ക്ക് എം.സി. റോഡിന്റെ വികസനത്തിന് ആവശ്യമായ നടപടികൾ നടത്തി വരികയാണ്. ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ : സർ, സംസ്ഥാന പാതകളുടെ വികസനവുമായി ബന്ധപ്പെട്ട് ആലപ്പുഴ-മധുര ഹൈവേ വൈക്കം വഴി കടന്നുപോകുന്നതിന്റെ സർവ്വേയും മറ്റു കാര്യങ്ങളുമെല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു. ഇനി അതിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, സർവ്വേ പൂർത്തിയായിട്ടുണ്ട്. അനന്തര നടപടികൾക്ക് ഇനിയും കാലതാമസമുണ്ടാകും.

ശ്രീ. സി. പി. മുഹമ്മദ് : സർ, Pradhan Mantri Gram Sadak Yojana-ൽ കേന്ദ്രഗവൺമെന്റ് സഹായം നൽകുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന റോഡുകൾക്ക് കേന്ദ്രഗവൺമെന്റ് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാന ഹൈവേകൾക്ക് ധനസഹായം നൽകുന്നതിൽ റോഡുകൾ എങ്ങനെ തെരഞ്ഞെടുക്കപ്പെടണമെന്നതിനെക്കുറിച്ച് കേന്ദ്രഗവൺമെന്റ് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അതിന്റെ മാനദണ്ഡങ്ങളുണ്ട്. നോട്ടീസ് ഇല്ലാത്തതുകൊണ്ട് അതിന്റെ വിശദാംശങ്ങൾ പറയാൻ സാധിക്കില്ല.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, സംസ്ഥാന പാതകളുടെ വികസനത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽപ്പെടുത്തി വികസിപ്പിക്കുന്നതിനു വേണ്ടി തീരുമാനിച്ച കാസർഗോഡ് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട കാഞ്ഞങ്ങാട്-കാസർഗോഡ് സ്റ്റേറ്റ് ഹൈവേയുടെ പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടെന്നാണ് അറിയുന്നത്. പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ പൂർത്തിയാക്കി ഈ വർക്ക് ആരംഭിക്കുന്നതിനുള്ള അടിയന്തരമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അത് പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 634-ഉം 648-ഉം ഒരുമിച്ചെടുക്കാം.

സംസ്കൃത സർവ്വകലാശാല നിയമത്തിനു ഭേദഗതി

4 (*634) ശ്രീ. വർക്കല കഹാർ : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി സംസ്കൃത സർവ്വകലാശാലയെ നിർദ്ദിഷ്ട ഏകീകൃത സർവ്വകലാശാലാ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഏകീകൃത സർവ്വകലാശാല നിയമത്തിനനുസൃതമായി സംസ്കൃത സർവ്വകലാശാല നിയമത്തിലും ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?